# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 223 — 17.08.2017-ൽ മറുപടിയ്ക്ക്

## പട്ടികജാതി വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനുള്ള പദ്ധതികൾ

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.പി.ടി. തോമസ്<br>ശ്രീ.എ.പി. അനിൽ കുമാർ | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് ഈ സർക്കാരിന്റെ കാലത്ത് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് ഈ സർക്കാരിന്റെ കാലത്ത് താഴെപറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.<br>1. ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ് മുതലായ വിദ്യാഭ്യാസാനുകൂല്യങ്ങളിൽ 25% വർദ്ധനവ് വരുത്തിയിരുന്നു.<br>2. പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്ടോപ് നൽകുന്ന പദ്ധതിയിൽ പുതിയതായി 12 കോഴ്സുകളെ കൂടി ഉൾപ്പെടുത്തി.<br>3. സംഗീത നൃത്തരംഗത്ത് ബിരുദ ബിരുദാനന്തര കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകുന്ന പദ്ധതി 2017-18 മുതൽ നടപ്പിലാക്കിയിട്ടുണ്ട്.<br>4. ഐ.റ്റി.ഐ.കളിൽ പുതിയ കോഴ്സുകളും, പ്രഭാത, ഉച്ച ഭക്ഷണങ്ങൾ നൽകുന്ന പദ്ധതിയും നടപ്പിലാക്കി.<br>5. പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികളുടെ പഠനസൗകര്യം വർദ്ധിപ്പിക്കുന്നതിനായി കുട്ടികളുടെ വീടിനോട് ചേർന്ന് 'പഠനമുറി' എന്ന പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ട്.<br>6. എല്ലാ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുമുള്ള ഹോസ്റ്റലുകൾ നവീകരിച്ചു.<br>7. KIIFB-യ്ക്ക് കീഴിൽ ആകെ 6 എം.ആർ.എസുകളും, 13 ഹോസ്റ്റലുകളും പണി കഴിപ്പിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | | |
| (ബി) | പട്ടികജാതി കോളനികളിൽ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് വിദ്യാർത്ഥികൾക്കായി ഒരുക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) യും (സി) യും | 'പഠനമുറി' പദ്ധതി നടപ്പിലാക്കുമ്പോൾ കുട്ടികൾക്ക് മുടക്കമില്ലാതെ പഠിക്കാനുള്ള സൗകര്യങ്ങൾ വീട്ടിൽതന്നെ ലഭ്യമാകും. ആദ്യഘട്ടത്തിൽ 5000 പഠനമുറികളാണ് നിർമ്മിക്കുക. ഏകദേശം 2 ലക്ഷം രൂപ ചെലവ് വരുന്ന മുറിയിൽ അലമാര, സ്റ്റഡി ടേബിൾ, ലാമ്പ്, കസേര, കംപ്യൂട്ടർ മേശ മുതലായ സൗകര്യങ്ങൾ ഒരുക്കും. 'പഠനമുറി' പദ്ധതിയുടെ ഗുണഭോക്തൃതെരഞ്ഞെടുപ്പിനുള്ള മാനദണ്ഡങ്ങൾ രൂപപ്പെടുത്തി വരികയാണ്. |
| (സി) | പദ്ധതിയിലെ ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ